# സോഷ്യൽ സയൻസ്

SET(1)

സമയം : 2.30 മണിക്കൂർ
ആകെ സ്കോർ: 80

**നിർദ്ദേശങ്ങൾ**

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിക്കുന്നതിനും മുൻഗണനാക്രമം തീരുമാനിക്കുന്നതിനുമാണ് ആദ്യത്തെ 15 മിനുട്ട് സമയം അനുവദിച്ചിട്ടുള്ളത്.
5 Pattern ചോദ്യങ്ങളാണ് ഉള്ളത്. ഓരോന്നിലും PART A Focus Area യും PART B Non Focus Area യും ഉൾപ്പെടുന്നു.

## I .Part A

**( ഒന്നു മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണം എഴുതുക.**

**1 സ്കോർ വീതം)**

**4 x 1 = 4**

1.കുറിച്യ കലാപത്തിന് നേതൃത്വം കൊടുത്തതാര്?
A) നാനാ സാഹേബ്
B) കാനു
C) സിദ്ധു
D) രാമൻ നമ്പി

2. IAS ന്റെ പൂർണ്ണ രൂപം
A) ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്
B) ഇന്ത്യൻ ആർമി സർവീസ്
C) ഇന്ത്യൻ അലൈഡ് സർവ്വീസ്
D) ഇന്ത്യൻ എയർ സർവ്വീസ്

3.മൗണ്ട് K2 – – – എന്ന പേരിലും അറിയപ്പെടുന്നു.
A) മൗണ്ട് എവറസ്റ്റ്
B) മൗണ്ട് ഗോഡ്‌വിൻ ആസ്റ്റിൻ
C) മൗണ്ട് കാഞ്ചൻ ഗംഗ
D) മൗണ്ട് നന്ദാദേവി

4. 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' ഈ മുദ്രാവാക്യം നൽകിയതാര്?
A) ജോൺ ലോക്ക്
B) തോമസ് പെയിൻ

C) ജെയിംസ് ഓട്ടിസ്
D) ജെയിംസ് മാഡിസൺ

5. ഏതു ഘടകത്തിന്റെ സ്വാധീനമാണ് ചെമ്മണ്ണിന് ചുവപ്പുനിറം നൽകുന്നത്?
A) ചെമ്പിന്റെ അംശം
B) ലാറ്ററൈറ്റ്
C) ഇരുമ്പിന്റെ  അംശം
D) ബസാൾട്ട്

6. "പുരുഷന് യുദ്ധം, സ്ത്രീക്ക് മാതൃത്വം എന്നതു പോലെയാണ്" ഈ പ്രസ്താവന ആരുടെതാണ് ?

A) ബെനിറ്റോ മുസോളിനി
B) അഡോൾഫ് ഹിറ്റ്ലർ
C) വ്ലാഡിമിർ ലെനിൻ
D) നെൽസൺ മണ്ഡേല

## Part B

**(7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. 1 സ്കോർ വീതം)**

**4 x 1 = 4**

7.രാജസ്ഥാനിലെ മരുഭൂമിയിൽ നിന്ന് ഉത്തരേന്ത്യൻ സമതലങ്ങളിലേക്ക് വീശുന്ന കാറ്റ്.
A) ചിനുക്ക്
B) ഫൊൻ
C) ലൂ
D) ഹർമാറ്റൻ

8. ലക്ഷദ്വീപിന്റെ  തലസ്ഥാനം എഴുതുക.
A) കടമത്ത്
B) കവരത്തി
C) അഗത്തി
D) മിനിക്കോയ്

9. ചൈനയിലെ കിയാങ്സിപ്രവശ്യയിൽ നിന്നും  നിന്നും യെനാൻ പ്രവശ്യയിലേക്ക് 'മാവോസേ തുംഗ്' നയിച്ച യാത്ര.
A) ബോക്സർ കലാപം
B) തുറന്ന വാതിൽ നയം
C) ലോങ്ങ് മാർച്ച്
D) ഒക്ടോബർ വിപ്ലവം

10. അഴിമതി തടയുന്നതിന് ദേശീയ തലത്തിൽ രൂപംനൽകിയ സ്ഥാപനം ഏത്?
A) ലോകായുക്ത
B) ഓംബുഡ്സ്മാൻ
C) വിജിലൻസ്
D) ലോക്പാൽ

## II. Part A

**(11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക. 2 സ്കോർ വീതം)**

**3x2=6**

11.കുറിച്യ കലാപത്തിന്റെ ഏതെങ്കിലും രണ്ട് കാരണങ്ങൾ എഴുതുക.

12.ഇന്ത്യൻ ദേശീയ സമരത്തിൽ സജീവമായി പങ്കെടുത്ത ഏതെങ്കിലും രണ്ട് കേരളീയ വനിതകളുടെ പേരെഴുതുക.

13–. ഹേമന്തകാലത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

14.മാനവവിഭവശേഷി വികസനത്തിന്റെ ഗുണപരമായ സവിശേഷതകൾ കണ്ടെത്തുക.

15. സംവേദകങ്ങൾ എന്നാൽ എന്ത്? ഒരു ഉദാഹരണം എഴുതുക.

## Part B

**(16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണം എഴുതുക 2 സ്കോർ വീതം)**

**2x2=4**

16. മൺസൂൺകാറ്റുകൾ രൂപപ്പെടാൻ കാരണമായ ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.

17 .ബ്രിട്ടീഷ് ഭരണകാലത്ത്, ഇന്ത്യയിലെ തുണി വ്യവസായത്തിന്റെ തകർച്ചയിലേക്ക് നയിച്ച പ്രധാന കാരണങ്ങൾ കണ്ടെത്തുക.

18.പൗരബോധത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

## III. Part A

**(19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക. 4 സ്കോർ വീതം)**

**3X4 = 12**

19.സ്വാതന്ത്ര്യാനന്തര ഇന്ത്യ ബഹിരാകാശ രംഗത്ത് കൈവരിച്ച പുരോഗതി വിലയിരുത്തുക.

20.രാഷ്ട്ര രൂപീകരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഏതെങ്കിലും രണ്ട് സിദ്ധാന്തങ്ങൾ വിശദമാക്കുക.

21.ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ നൽകിയിരിക്കുന്ന ഭൂസവിശേഷതകൾ അടയാളപ്പെടുത്തുക

1. ആരവല്ലി പർവ്വതനിര
2. കാവേരി നദി
3. ചോട്ടാനാഗ്പൂർ പീഠഭൂമി
4. പൂർവ്വഘട്ടം


22. നൽകിയിരിക്കുന്ന ഗ്രിഡിൽ നിന്നും താഴെ പറയുന്ന ഭൂസവിശേഷതകളുടെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിലൂടെ കണ്ടെത്തുക.

1.കോട്ട

2. വാസസ്ഥലങ്ങൾ

3. പാലം

4. തടാകം




23.പ്രത്യക്ഷനികുതി, പരോക്ഷനികുതി  ഇവ തമ്മിലുള്ള ഏതെങ്കിലും രണ്ട് വ്യത്യാസങ്ങൾ എഴുതുക.

-

| പ്രത്യക്ഷ നികുതി | പരോക്ഷ നികുതി |
|---|---|
| | |

## Part B

**(24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണം എഴുതുക. 4 സ്കോർ )**

**1x4 = 4**

24. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എന്തെല്ലാം ?
25..ഇന്ത്യയിൽ പൊതുകടം വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി എഴുതുക.

## IV. Part A

**(26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക. 6 സ്കോർ വീതം)**

ദിശ

**3x6= 18**

**26. ഇന്ത്യയുടെ ദേശീയത രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് വിശകലനം ചെയ്യുക**

**27.ആരെയാണ് ഉദ്യോഗസ്ഥ വൃന്ദം എന്ന് വിശേഷിപ്പിക്കുന്നത് ? ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം ?**

**28.കുറിപ്പ് തയ്യാറാക്കുക.**
**a)അന്താരാഷ്ട്ര ദിനാങ്കരേഖ**
**b)ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം,**

**29.എന്താണ് മാനവ വിഭവശേഷി വികസനം? മാനവ വിഭവശേഷി വികസനത്തിൽ ആരോഗ്യ പരിപാലനത്തിനുമുള്ള പങ്ക് വിശദമാക്കുക.**

## Part B

**(30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണം എഴുതുക. 6 സ്കോർ വീതം)**

**2x6= 12**

**30. ഇ- ഗവേണൻസ് എന്നാൽ എന്ത് ? ഇ-ഗവേണൻസ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?**

31 GPS & GIS **ഇവ എന്തെല്ലാമെന്ന് വിശദമാക്കുക.**

**32.വിവരണം നൽകുക.**
- **a. പൊതുകടം**
- **b. അഭ്യന്തര കടം**
- **c. വിദേശകടം**

## V. Part A

**( 33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണം എഴുതുക . 8 സ്കോർ വീതം)**

**2x8=16**

**33. സൂചനകളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവത്തിന് കാരണമായ ഘടകങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക.**
- **രാജാക്കന്മാരുടെ ഏകാധിപത്യഭരണം**
- **സാമൂഹ്യ അസമത്വം**
- **ഫ്രഞ്ച് ചിന്തകൻമാർ**
- **സാമ്പത്തിക പ്രതിസന്ധി**

**34. സിവിൽ നിയമ ലംഘന പ്രസ്ഥാനത്തെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക. സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ട് വച്ച 4 ആവശ്യങ്ങൾ എഴുതുക.**

**35.പ്രധാന ആഗോളമർദ്ദ മേഖലകൾ ഏതെല്ലാം? ഏതെങ്കിലും 2 മർദ്ദമേഖലകളുടെ അക്ഷാംശസ്ഥാനം എഴുതുക.**

ദിശ


300 km
200 mi